**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 342** **23-08-2022 - ൽ മറുപടിയ്ക്ക്**

**പൊന്നാനി മണ്ഡലത്തിലെ സ്കൂളുകളുടെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | 2017-18 സാമ്പത്തിക വർഷത്തിൽ 'പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം' പദ്ധതി പ്രകാരം പൊന്നാനി മണ്ഡലത്തിൽ ആരംഭിച്ച 5 സ്കൂളുകളുടെ (ജി.എഫ്.എൽ.പി.എസ് പുതുപൊന്നാനി, ജി.എച്ച്.എസ്.എസ്. തൃക്കാവ്, ജി.എം.എൽ.പി.എസ് പൊന്നാനി ടൗൺ, ജി.എൽ.പി.എസ് കടവനാട്, ബഡ്സ് സ്കൂൾ കം റീഹാബിലിറ്റേഷൻ സെന്റർ, പൊന്നാനി) എന്നിവയുടെ നിർമ്മാണ പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | **'പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം' പദ്ധതി പ്രകാരം പൊന്നാനി മണ്ഡലത്തിൽ ആരംഭിച്ച 5 സ്കൂളുകളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതുമായി ബന്ധപ്പെട്ട് ന്യൂനപക്ഷക്ഷേമ ഡയറക്ടർ പൊന്നാനി നഗരസഭയിലേയും, മലപ്പുറം ജില്ലാ കളക്ടറേറ്റിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർമാരുടെയും, നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത അക്രഡിറ്റഡ് ഏജൻസികളുടെയും അവലോകന യോഗം 14.07.2022-ന് നടത്തിയിരുന്നു. ഏറ്റെടുത്ത പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | നാളിതുവരെ പ്രവൃത്തി പൂർത്തീകരിക്കാത്ത സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡ് പോലെയുള്ള ഏജൻസികളോട് അടിയന്തര നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടുമോ; വിശദമാക്കുമോ? | (ബി) | 21.07.2022-ൽ പൊന്നാനി നഗരസഭാ ചെയർമാന്റെ അദ്ധ്യക്ഷതയിൽ ടി പ്രവൃത്തികളുടെ അവലോകന യോഗം നടത്തുകയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസിയായ ഹിന്ദുസ്ഥാൻ പ്രിഫാബ് ലിമിറ്റഡിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ